(സി) ഗവൺമെൻറ് പുതിയ ബോർഡ് രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്.

ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ

*355 [374] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളുടെ ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ ഇതിനകം നടത്തി;

(ബി) ഏതെല്ലാം ജില്ലകളുടെ സർവ്വേ റിപ്പോർട്ടാണ് ഇതിനകം തയ്യാറാക്കിക്കഴിഞ്ഞിട്ടുള്ളത്;

(സി) തയ്യാറായ റിപ്പോർട്ടുകൾ എന്നേയ്ക്കു പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) കേരളത്തിലെ പതിനൊന്ന് ജില്ലകളുടേയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ ഇതിനകം നടത്തിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലേയും പാലക്കാടു ജില്ലയിലേയും സർവ്വേ റിപ്പോർട്ടു അച്ചടിയിലാണ്. മറ്റു ജില്ലകളിലെ കരടു റിപ്പോർട്ടുകൾ തയ്യാറാക്കി കഴിഞ്ഞു.

(സി) എല്ലാ ജില്ലകളിലേയും സർവ്വേ റിപ്പോർട്ടുകൾ രണ്ടു മാസത്തിനകം പ്രസിദ്ധീകരിക്കുന്നതാണ്.

വിറകു ഡിപ്പോ സെൻററുകൾ

*356 [375] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വികസന കോർപ്പറേഷൻ മുഖേന ആരംഭിച്ചിട്ടുള്ള വിറകു ഡിപ്പോ സെൻററുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിറകു ക്ഷാമം അനുഭവപ്പെടുന്ന തീരദേശങ്ങളിൽ വിറകു ഡിപ്പോ ആരംഭിക്കുന്നതിന് വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly